<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 971 — 02.12.2015 -ലെ മറുപടിക്ക്.

<u>പീലിംഗ് തൊഴിലാളികളുടെ ക്ഷേമം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ.എം. ആരിഫ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) മത്സ്യമേഖലയിലെ പീലിംഗ് ഷെഡുകളിലെ സംസ്കരണ ശാലയിൽ ജോലി തേടുന്ന തൊഴിലാളികളുടെ സാഹചര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാരിന്റെ 02/01/2009 തീയതിയിലെ ജി.ഒ(ആർ.ടി) നം. 04/09/മ.തു.വ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി (ഫിഷറീസ്) ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ അടങ്ങിയ പ്രസക്ത ഭാഗം (മലയാള പരിഭാഷ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | (ബി) വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും വിദഗ്ധ സമിതി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിവിധ പ്രശ്നങ്ങൾ ഒരു ഏജൻസിക്ക് മാത്രം പരിഹരിക്കാൻ കഴിയുന്നതല്ലാത്തതിനാൽ വിവിധ വകുപ്പുകളായ തൊഴിൽ, ആരോഗ്യം, തദ്ദേശ സ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ് മുതലായവ സ്വീകരിക്കുന്ന നടപടികൾ ഏകോപിപ്പിച്ച് തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ആവശ്യമായ പ്രൊപ്പോസലുകൾ രൂപീകരിക്കുന്നതിന് പ്രസ്തുത വകുപ്പുകളിലെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ഫിഷറീസ് ഡയറക്ടർ ചെയർമാനായി 18.08.2011 തീയതിയിലെ ജി.ഒ(ആർ.ടി) നം. 562/11/മ.തു.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് ഫിഷറീസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശുചിത്വം, വേതനം, മറ്റ് സേവന വ്യവസ്ഥകൾ, പീലിംഗ്-സംസ്കരണ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് രൂപീകരിച്ച വിദഗ്ധ സമിതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ച് 04.11.2013 തീയതിയിലെ ജി.ഒ(ആർ.ടി) നം. 919/2013/മ.തു.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാന തല കമ്മിറ്റി കൂടുന്നതിനും ജില്ലാതല കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ

# അനുബന്ധം

പീലിംഗ് തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങൾ അനുശാസിക്കും പ്രകാരമുള്ള സംരക്ഷണം ഉറപ്പാക്കി മിനിമം വേതനം ലഭ്യമാക്കുന്നതിനും, തൃപ്തികരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകളുടെ പ്രവർത്തന നിലവാരം ഉയർത്തി MPEDA യുടെ നിയന്ത്രണത്തിലല്ലാത്ത പീലിംഗ് ഷെഡ്ഡുകളുടെ സാങ്കേതികവും, സുരക്ഷിതത്വവുമായ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, അനാരോഗ്യകരമായ പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകൾ ശ്രദ്ധയിൽപെട്ടാൽ ആയതിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, പീലിംഗ് മേഖലയിലെ തൊഴിലാളി, തൊഴിലുടമ ബന്ധം മനസ്സിലാക്കി തൃപ്തികരമല്ലെങ്കിൽ ആയത് മെച്ചപ്പെടുത്തുന്നതിനും, തൊഴിലാളികളുടെ നിലവിലുള്ള ക്ഷേമം വിലയിരുത്തി ആയത് തൃപ്തികരമല്ലെങ്കിൽ പുതിയ സമീപനങ്ങൾ സ്വീകരിക്കുന്നതിനും മുൻ കമ്മിറ്റിയുടെ സമീപനങ്ങളും റിപ്പോർട്ടുകളും വിശകലനം നടത്തി തൊഴിലാളികൾക്ക് ഗുണപ്രദമാകുന്ന രീതിയിൽ പ്രാവർത്തികമാക്കുന്നതിനും നിലവിലുള്ള നിയമങ്ങളിൽ പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിന് ഉതകുന്ന ആവശ്യങ്ങൾ ഉൾപ്പെടുത്തുന്നതിനും, പീലിംഗ് ഷെഡ്ഡുകളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിനും തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ വൈദ്യ പരിശോധന ഏർപ്പെടുത്തുന്നത് സംബന്ധിച്ച വ്യവസ്ഥ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും, നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും, ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ ആയതിനാൽ അവരുടെ സംരക്ഷണം, സൗകര്യങ്ങൾ, സുരക്ഷിതത്വം എന്നിവ നിയമം മൂലം സംരക്ഷിക്കുന്നതിനും, അനാരോഗ്യകരമായ രീതിയിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകൾ പരിശോധിച്ച് പരിഹാരം കാണുന്നതിനും, സ്ത്രീകളെക്കൂടി ഉൾപ്പെടുത്തി പരാതി സെല്ലുകൾ രൂപീകരിക്കുന്നതിനും, തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ പരിരക്ഷ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും, മാതൃകാപരമായ പീലിംഗ് ഷെഡ്ഡുകളെക്കുറിച്ചുള്ള വിശദീകരണം നൽകുന്നതിനും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

Deepa

സെക്ഷൻ ഓഫീസർ